Model Question Paper മലയാളം (314)

1. ഗൃഹനിർമ്മാണത്തിൽ കേരളത്തിൽ ഇന്നു കണ്ടുവരുന്ന ആഡംബരസ്വഭാവം ലളിത ജീവിതത്തിന് എങ്ങനെ തടസ്സ മാവുന്നു ? ചർച്ച ചെയ്യുക.

Ans: കേരളീയർ നല്ലൊരു ശതമാനം ആളുകളും പാർക്കാൻ പണിയുന്നത് വൻകിട കെട്ടിടങ്ങളാണ്, ഫ്ളാറ്റുകളാണ്. ഇതിന്റെ നിർമ്മിതിയിലാകട്ടെ അനാവശ്യമായ ആഡംബരങ്ങളാണ് കണ്ടുവരുന്നത്. രണ്ടോ മൂന്നോ അംഗങ്ങളുള്ള കുടുംബത്തിനും രണ്ടും മൂന്നും നിലകളുള്ള, നിരവധി മുറികളുള്ള കെട്ടിടങ്ങൾ അനാവശ്യമാണ്. ഇതിന്റെ നിർമ്മിതിയിൽ മാർബിളുകൾ, വെട്രിഫൈഡ് ടൈലുകൾ, സ്ഥാനത്തും അസ്ഥാനത്തുമുള്ള ചിത്രപ്പണികൾ എന്നിവയെല്ലാം ചെയ്തുവരുന്നു. ഇത്തരം കെട്ടിടങ്ങളിൽ പാർക്കുന്നവർക്ക് ലളിതജീവിതത്തിന്റെ പ്രാഥമികപാഠം പോലും അറിയില്ല എന്നതാണ് വാസ്തവം. സ്ഥലമായാലും ഭക്ഷണമായാലും വസ്ത്രമായാലും അത്യാവശ്യ ത്തിനുതകുംവിധത്തിലേ വേണ്ടൂ. അമിതമായാൽ അതു ധൂർത്താണ്. ചെലവ് കുറഞ്ഞ വീടുകൾ എന്ന സങ്കല്പം ഒരു കാലത്ത് കേരളത്തിൽ പ്രബലമായിരുന്നു. അതിപ്പോൾ കൈമോശം വന്നിരിക്കുന്നു

2. അതിന്റെ പ്രതിഫലം എനിക്കു ദക്ഷിണാഫ്രിക്കയിൽ നിന്നു കിട്ടി എന്തുകൊണ്ടാണ് ഗാന്ധിജി ഇങ്ങനെ പറഞ്ഞത്?

Ans: ഇന്ത്യയിൽ അക്കാലത്ത് അയിത്തക്കാരായ സഹോദരങ്ങൾക്ക് ക്ഷൗരം ചെയ്യാൻ സവർണ്ണർ ക്ഷുരകന്മാരെ അനുവദിച്ചിരുന്നില്ല. ഇതിനുള്ള ശിക്ഷയാണ് ദക്ഷിണാഫ്രിക്കയിൽ തനിക്ക് അനുഭവിക്കേണ്ടി വന്നതെന്ന് ഗാന്ധിജി കരുതി.

3. പാലും പ്രാണനുമൊത്തവൻ” എന്ന് കൃഷ്ണനെ “അന്നത്തെപൊരുൾ” എന്ന കവിതയിൽ കവി വിശേഷിപ്പിച്ചതിന്റെ ഔചിത്യം എന്ത്?

Ans :അന്നത്തെ പുണ്യം എന്ന കവിതയിൽ ഉള്ളൂർ ശ്രീകൃഷ്ണനെ വർണ്ണിക്കുന്നതാണ് സന്ദർഭം. കൃഷ്ണനെ കവി പാലും പ്രാണനുമൊത്തവൻ എന്ന് വിശേഷിപ്പിക്കുന്നു. ശ്രീകൃഷ്ണന് പാൽ ജീവനുതുല്യമായിട്ടുള്ളതാണ് എന്നാണ് ഇതിന്റെ വാച്യാർത്ഥം മഹാവിഷ്ണുവിൻ്റെ അവതാരമാണല്ലോ ശ്രീകൃഷ്ണൻ മഹാവിഷ്ണു പാലാഴിയിലാണ് കുടികൊള്ളുന്നത്. കൃഷ്ണനായി അവതാരമെടുത്തതാകട്ടെ ഗോകുലത്തിലും. പാലും പാലുല്പന്നങ്ങളും ഉണ്ണിക്കണ്ണന് ജീവനായിരുന്നല്ലോ. പാലും പ്രാണനുമൊത്തവൻ എന്ന് കവി പ്രയോഗിച്ചത് ഇതിന്മൂലം ഉചിതമായിട്ടുണ്ട്.

4. ആധുനിക സമൂഹത്തിലെ പുരുഷമേധാവിത്വത്തിൻ്റെ വക്താവാണ് "ശ്രീഭഗവതി" എന്ന കഥയിലെ ഭർത്താവ് – ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുവോ? എന്തുകൊണ്ട്?

Ans : കഥയിലെ ഭർത്താവ് കുടുംബപരമായ ചുമതലകളിൽനിന്ന് ഒഴിഞ്ഞുനില്ക്കാനിഷ്ടപ്പെടുന്നു. പഞ്ചാരവാക്കു കൾകൊണ്ടും അനാവശ്യപുകഴ്ത്തലുകൾകൊണ്ടും ഭാര്യയെ സന്തോഷിപ്പിച്ചു പാട്ടിലാക്കാമെന്നു കരുതുന്നു. അവളുടെ തിരക്കുകൾക്കിടയിലും തനിക്കാവശ്യമുള്ള സേവനങ്ങൾ (ചായ കൊണ്ടുവരാൻ ആവശ്യപ്പെടൽ തുടങ്ങിയവ) അയാൾ ഒപ്പിച്ചെടുക്കുന്നു. സൗകര്യപൂർവം സ്വന്തം ചുമതലകളിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നു ഭാര്യയുടെ അനുകൂലമനോഭാവത്തെ ചൂഷണം ചെയ്യുന്നു. ഭാര്യയ്ക്കു വിദ്യാഭ്യാസവും വിവരവും കുറവാ ണെന്നും അതുകൊണ്ടുതന്നെ അവൾ പറയുന്നതിനും അവളുടെ മാനസികസമ്മർദങ്ങൾക്കും വിലകൊടുക്കേ ണ്ടതില്ലെന്നും കരുതുന്നു. അങ്ങനെ ആധുനികസമൂഹത്തിലെ പുരുഷമേധാവിത്വത്തിൻ്റെ വക്താവു തന്നെ യാണ് ഈ ഭർത്താവ്

5. സബർമതി ദൂരെയാണ്" നവലലിയാണ് സമീപം എന്ന് നാടകത്തിൽ വേണു അഭിപ്രായപ്പെടാൻ കാരണമെന്ത്

Ans : സബർമതി ദൂരെയാണ് എന്ന നാടകത്തിലൂടെ ആധുനിക ലോകത്തിലെ നശീകരണവാസനകളെ എടുത്തുകാ ട്ടുകയാണ് ജി.

ശങ്കരപ്പിള്ള ചെയ്യുന്നത്. വേണു, മാധവൻ എന്നീ വിരുദ്ധ ധ്രുവങ്ങളിലുള്ള സഹോദരന്മാരെ ഇതിൽ അവതരിപ്പിച്ചിരിക്കുന്നു. ഗാന്ധിജിയുടെ ആദർശാത്മകമായ ആശ്രമമാണ് സബർമതി എന്നാൽ നവഖാലിയോ, വർഗ്ഗീയസംഘർഷങ്ങളുടെ വിളഭൂമിയുമാണ്. വേണുവിൻ്റെ മനസ്സുതന്നെയാണ് സബർമതി. മറ്റുള്ളവർക്കുവേണ്ടി അന്ധനായ സ്വസഹോദരനെ കാരണ്യംകൂടാതെ ഇറക്കിവിടുകയും വിശ്വസ്തദാസനെ കൊലയ്ക്കുകൊടുക്കാൻ വിടുകയും ചെയ്യുന്ന മാധവൻ്റെ മനസ്സാണ് നവഖാലി. ഈ അർത്ഥത്തിലാണ് വേണു സബർമതിയും നവഖാലിയും പരാമർശിക്കുന്നത്.

6. ഗ്രീസിലെ ചിന്തകന്മാരും, കലാകാരന്മാരും ദന്തഗോപുരത്തിലല്ല ജീവിച്ചത് എന്ന് എം. പി. പോൾ അഭിപ്രായപ്പെടാൻ കാരണമെന്ത്?

Ans : ഗ്രീസിലെ കലാകാരന്മാരും ചിന്തകന്മാരും അന്നത്തെ ജീവിതത്തിൽ മനസ്സുകൊണ്ടും വാക്കുകൊണ്ടും പ്രവ്യ ത്തികൊണ്ടും പങ്കെടുത്ത്, അതിൻ്റെ സാംസ്കാരികമായ മൂല്യത്തെ സ്വകൃതികളിൽ ശാശ്വതികമായി പ്രതിഷ്ഠിച്ചു. അവർ അന്നത്തെ സമുദായത്തോടു ബന്ധമില്ലാത്ത ഒരു ദന്തഗോപുരത്തിലല്ല ജീവിച്ചത്;

നാടകകൃത്തായ ഈസ്കിലസ് ഒരു സേനാനായകനും സോക്രട്ടീസ് ഒരു സൈനികനും ആയിരുന്നു.

7. ഇന്നു ഞാൻ നാളെ നീ" എന്ന കവിത നല്കുന്ന സന്ദേശമെന്ത്

Ans : ജീവിതത്തിന്റെ നശ്വരതയാണ് ഈ വരികളിലൂടെ കവി അവതരിപ്പിക്കുന്നത്. ജീവിതത്തിൻ്റെ അനിശ്ചിതത്വം യാതൊരു ഭേദവുമില്ലാതെ എല്ലാവരെയും കാത്തിരിക്കുന്നു എന്ന പരമാർത്ഥം കവി അനുഭവിപ്പിക്കുന്നു. മാണ മെന്ന യാഥാർത്ഥ്യത്തിൽനിന്നും ആർക്കും രക്ഷയില്ലെന്നും പ്രപഞ്ചാരംഭം മുതൽ മണഭീതി മനുഷ്യൻ അനുഭ വിക്കുകയാണെന്നും ഈ കവിതയിലൂടെ കവി വ്യക്തമാക്കുന്നു.

8.കുടുംബപശ്ചാത്തലമാണ് ഒരു കുട്ടിയെ നല്ലവനാക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നത്" ഈ അഭിപ്രായത്തോട് നിങ്ങൾ

യോജിക്കുന്നുവോ? “പുകമറയ്ക്കപ്പുറം” എന്ന പാഠത്തെ ആസ്പദമാക്കി വിലയിരുത്തുക.

Ans : ഉയരങ്ങൾ കീഴടക്കാനുള്ള വെമ്പലിൽ തഴയപ്പെടുന്ന ബാല്യങ്ങൾ.

അണുകുടുംബങ്ങളിലെ കുട്ടികളുടെ ഏകാന്തത, നഷ്ടമാകുന്ന ബാല്യം

പണം കൊടുത്ത് വാങ്ങാവുന്നതല്ല മൂല്യബോധം എന്ന ചിന്ത

കുട്ടികളുടെ ഭാവിയെക്കരുതി അധ്വാനിക്കുന്നവർ, കുട്ടികൾക്കായി കുറച്ചു സമയം നീക്കിവയ്ക്കേണ്ട

തിന്റെ ആവശ്യകത.

സൗകര്യങ്ങൾക്കൊപ്പം ശാസനയും കുട്ടിയുടെ ശരിയായ വളർച്ചയ്ക്ക് ആവശ്യം.

ഡോക്ടർ സ്നേഹം നൽകിയപ്പോൾ രക്ഷപെടുന്ന മനോജ് – ഈ ആശയങ്ങൾ പാഠഭാഗത്തെ ആസ്പദമാക്കി ഉദാഹരണസഹിതം വിശദീകരിച്ചെഴുതുക.

9.പുരാണകഥയും, വർത്തമാനകാല ജീവിതവും കൂട്ടിയിണക്കിയുള്ള രചനാതന്ത്രം “കർണ്ണപർവ്വ”ത്തിൽ

എത്രമാത്രം വിജയിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കുക

Ans :സെബാസ്റ്റ്യന് “കർണ്ണൻ സെബാസ്റ്റ്യൻ” എന്നു പേരുവന്നത് നാടകത്തിൽ കർണ്ണനായി മികച്ച അഭിനയം കാഴ്ചവച്ചതിനാണ്. അപ്പൻ എല്ലാം നഷ്ടപ്പെടുത്തിയപ്പോൾ അതെല്ലാം തിരിച്ചു പിടിച്ചത്. സെബാ

സ്റ്റ്യനായിരുന്നു. ഒരു തരത്തിൽ കർണ്ണനെപ്പോലെ അനാഥനായിരുന്നു അയാളും. കർണ്ണന്റെ വീഴ്ച്ച അവിചാരിതമായിട്ടായിരുന്നു. അതുപോലെ തന്നെയായിരുന്നു സെബാസ്റ്റ്യൻ്റെ അപകടവും. ദാനശീലനാണ്. സെബാസ്റ്റ്യൻ ഒടുവിൽ തൻ്റെ സർവ്വസ്വവും, ദാനം ചെയ്തു: വാച്ചും മോതിരവും കഴുത്തിലെഅഞ്ചു പവൻ മാലയും പൈസയും കണ്ണിൽക്കണ്ടവർക്ക് ദാനം ചെയ്തു. രണ്ടേക്കർ പറമ്പ് ഹോം നേഴ്സിനും കൊടുത്തു. കുന്തി തനിക്കു പിറന്ന കർണ്ണനെ രഹസ്യമായി നദിയിൽ ഒഴുക്കിവിടുന്നു. മക്കൾ സെബാസ്റ്റ്യനെ രഹസ്യമായി നദിയിലൊഴുക്കി ഉപേക്ഷിക്കുന്നു. ഒരു വ്യത്യാസം മാത്രം കർണ്ണനെ ശൈശവാവസ്ഥയിലാ ണെങ്കിൽ സെബാസ്റ്റ്യനെ വാർദ്ധക്യത്തിലാണെന്നു മാത്രം.

10. ഗ്രാമ്യഭാഷയുടെ നിഷ്കളങ്കതയാണ് കടൽത്തീരത്ത് എന്ന കഥയുടെ ജീവൻ” ഉദാഹരണസഹിതം സമർത്ഥിക്കുക

Ans :പാലക്കാടൻ ഗ്രാമത്തിലെ പാഴുതറ എന്ന ഗ്രാമത്തിലെ ഒരു സാധുകർഷകനായ വെള്ളായിയപ്പനിലൂടെയാണ് ഒ.വി. വിജയൻ തന്റെ കടൽത്തീരത്ത് എന്ന കഥ അനാവരണം ചെയ്യുന്നത്. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട മകന്റെ അടുക്കലേയ്ക്ക് പൊതിച്ചോറുമായി പോവുകയും ഒടുവിൽ അത് ബലിച്ചോറായി നൽകുകയും ചെയ്യുന്ന കരളലിയിക്കുന്ന കഥയാണിത്. ഈ കഥയുടെ ജീവൻ അതിലെ ഗ്രാമ്യമായ സംഭാഷണങ്ങളാണ് കുട്ട്യസ്സൻ മാപ്പിളയോടും, നീലിയോടും വഴിയിൽ കാണുന്ന വെള്ളായിയപ്പൻ ഒരു വാക്കുമാത്രമേ പറയുന്നുള്ളൂ. വെള്ളായിയേ, മരയ്ക്കാരേ എന്നീ വിളികൾ മാത്രം. വെള്ളായിയച്ചോ, നീലിയേ എന്നീ സംഭാഷണം മാത്രം തീവണ്ടിയാപ്പീസിൽ വച്ച് തൻ്റെ ജോലി തിരക്കിയ ആളോട് വിചേഴിച്ച് ഒന്നുമില്ല എന്ന മറുപടിയും ജയിലിലെ ത്തിയതിനുശേഷം ഉദ്യോഗസ്ഥന്മാരോടുള്ള സംഭാഷണവുമെല്ലാം പാലക്കാടൻ ഗ്രാമീണതയുടെ നിഷ്കളങ്ക സംഭാഷണങ്ങളാണ്.

11. ആധുനിക കവിത്രയത്തിൽ പെടാത്ത കവിയേത്?

(a) ഇടശ്ശേരി

(b) വള്ളത്തോൾ

© ഉള്ളൂർ

(d) കുമാരനാശാൻ

Ans: a) ഇടശ്ശേരി

12. ജ്ഞാനപീഠ പുരസ്കാരം നേടിയ സാഹിത്യകാരൻ?

(a) എം.ടി. വാസുദേവൻ നായർ

(b) ഒ വി വിജയൻ

© ടി പദ്മനാഭൻ

(d) വൈക്കം മുഹമ്മദ് ബഷീർ

Ans: എം.ടി. വാസുദേവൻ നായർ

13.ബഷീറിന്റെ മൂല്യബോധവും ലോകവീക്ഷണവും പ്രകടമാകുന്ന കൃതിയാണ് "ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്" പാഠഭാഗത്തെ ആസ്പദമാക്കി സമർത്ഥിക്കുക.

Ans :ജീവികളായ സകലജീവികളും ഭൂമിയുടെ അവകാശികളാണെന്നും ദൈവംതമ്പുരാൻറെ കോടാനുകോടി

സൃഷ്ടികൾക്ക് തുല്യപ്രാധാന്യമാണുള്ളതെന്നും ബഷീർ വിശ്വസിച്ചു. ഈ നോവലിലെ നിഷ്കളങ്കയും നിരക്ഷരയുമായ കുഞ്ഞുപാത്തുമ്മയും അങ്ങനെതന്നെ വിശ്വസിക്കുന്നു. അവളെ സംബന്ധിച്ചു തന്നെപ്പോലെ തന്നെ ഈ ഭൂമിയിൽ അധികാരാവകാശങ്ങളുള്ള ജീവികളാണ് കുരുവികളും മരംകൊത്തികളും ഒക്കെ, സ്വയം അപകടത്തിൽപ്പെട്ടും അവൾ താഴെവീണ കുരുവിയെ രക്ഷിക്കാൻ ശ്രമിക്കുന്നു. ദൈവം തമ്പുരാന്റെ സകല സൃഷ്ട്ടികൾക്കും തുല്യനിലയാണുള്ളതെന്ന

ബഷീറിന്റെ പ്രപഞ്ചവീക്ഷണം തന്നെയാണ് ഈ ഭാഗത്തും കാണാനുള്ളത്.

മലയാള നോവൽചരിത്രത്തിലെ പല മികച്ച സൃഷ്ടികളും സംഭാഷണഭാഷയുടെ ചാരുന്ന പൂർണമായും പ്രയോജനപ്പെടുത്തിയവയാണ്. തകഴിയുടെ ചെമ്മീൻ, സാറാ ജോസഫിൻ്റെ ആലാഹയുടെ പെൺമക്കൾ. ഒ. വി. വിജയന്റെ ഖസാക്കിൻ്റെ ഇതിഹാസം, സി. വി രാമൻപിള്ളയുടെ കൃതികൾ ഇവയൊക്കെ ഉദാഹരണം.കഥാപാത്രങ്ങളുടെ ദേശത്തനിമ, സമുദായം, ആൺപെൺഭേദം, സാമുഹികനില്ല. സാംസ്കാരികഭേദം ഇവയൊക്കെ കൂടുതൽ തെളിമയോടെ ചിത്രീകരിക്കാൻ വാമൊഴിയുടെ ഉപയോഗത്തിലൂടെ കഴിയും. ബഷീറിന്റെ ഭാഷ എന്നത് മലയാളസാഹിത്യ ചരിത്രത്തിൽ സമാനതകളില്ലാത്ത ഒരു ഒറ്റയാൾ പ്രതിഭാസമാണെന്നു പറയേണ്ടിവരും. അതിനുപകരമായി മറ്റൊന്നില്ല.

14. തനി നാടൻ കടംകഥകളിൽ നിത്യപരിചയത്തിലുള്ള പ്രവൃത്തികളും വസ്തുതകളുമാണ് പ്രതിപാദ്യ വിഷയങ്ങൾ - രണ്ട് ഉദാഹരണങ്ങൾ എഴുതി സമർത്ഥിക്കുക.

Ans:കുശവന്റെ വയറ്റിൽ ആശാരി വെളിച്ചപ്പാട് (തൈര് കടയുന്നത്)

കറി തിന്നാൻ കറി വരുന്നു (ആട് ചീര തിന്നാൻ വരുന്നു) ഉല്പന്നത്തെ അതുണ്ടാക്കുന്ന ആളാക്കുന്നതാണ് ഒന്നാമത്തേത്. മൺകുടം ഉണ്ടാക്കുന്നത് കുശവനാണ്. കട കോൽ ഉണ്ടാക്കുന്നതാകട്ടെ ആശാരിയും അതിനാൽ കുശവൻ്റെ (മൺകലം) വയറ്റിൽ ആശാരി (കടകോൽ) വെളിച്ചപ്പാട് എന്നത് മൺകലത്തിലെ തൈര് കടയുന്നതിനെ കുറിക്കുന്നു. ആടും ചീരയും കറിവയ്ക്കാൻ കൊള്ളാം. ആട് ചീര തിന്നാൻ വരുമ്പോൾ കറി തിന്നാൻ കറി വരുന്നു എന്നു പറയാം

15. ഉണ്ണികൾക്കേറ്റം പ്രധാനനായുള്ളവൻ” എന്ന് ഗാന്ധാരി വിശേഷിപ്പിക്കുന്നതാരെ?

Ans:കർണ്ണനെ

16. “പാഥേയം” എന്ന

പദത്തിൻ്റെ അർത്ഥം?

Ans : വഴിച്ചോറ്